# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ - 2113 | 06.10.2016-ൽ<br>മറുപടിയ്ക്ക് |

## പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ വിവിധ റോഡുകളുടെ പുനരുദ്ധാരണത്തിനായി 01.03.2016 ൽ, പി.ഡബ്ല്യൂ.ഡി, എസ്.എൽ.റ്റി.എഫ് (State Level Task Force) ഫണ്ടിൽ നിന്നും ചീഫ് എഞ്ചിനീയർ അനുവദിച്ച 101 ലക്ഷം രൂപയുടെ ഭരണാനുമതി താത്ക്കാലികമായി നിർത്തിവെയ്ക്കാൻ (Kept in abeyance-order) 18.06.2016 ൽ ഉത്തരവ് ഇറക്കിയിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉത്തരവ് അടിയന്തിരമായി പുനഃസ്ഥാപിച്ച് ഈ നിയോജക മണ്ഡലത്തിൽ വിവിധ ഭാഗങ്ങളിൽ പൊളിഞ്ഞു കിടക്കുന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയ്ക്കായി ഈ തുക അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) 19.09.2016-ലെ സർക്കാർ കത്ത് നം. PWD-ജി3/37/2016 പ്രകാരം പ്രവൃത്തികൾ തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) ഈ മേഖലയിലെ പ്രധാന റോഡായ അടിവാരം - കൊട്ടുങ്ങ റോഡിന് അനുവദിച്ച 1.82 കോടി രൂപയുടെ ഫണ്ടും തടഞ്ഞ് വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പുനസ്ഥാപിച്ച് റോഡിന്റെ നവീകരണം അടിയന്തിരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുനഃരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ